# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3150 03/04/2013-ൽ മറുപടിയ്ക്ക്

## മട്ടുപ്പാവിൽ പച്ചക്കറികൃഷി പദ്ധതി

ചോദ്യം

ശ്രീ. കെ. രാജു

മറുപടി

**കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മട്ടുപ്പാവിൽ പച്ചക്കറികൃഷി പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നുണ്ടോ; ഇല്ലെങ്കിൽ മുഴുവൻ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

എ) കൃഷി വകുപ്പിന്റെ 2012-13 നടപ്പാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 2 കോർപ്പറേഷനുകളിലും (കൊല്ലം, തൃശ്ശൂർ) 60 മുനിസിപ്പാലിറ്റികളിലും മട്ടുപ്പാവുകൃഷി നടപ്പാക്കിവരുന്നുണ്ട്. 2 കോർപ്പറേഷനുകളിലായി 26,500 ഗ്രോബാഗ് യൂണിറ്റും, 60 മുനിസിപ്പാലിറ്റികളിലായി 80,000 ഗ്രോബാഗ് യൂണിറ്റികളുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. 25 ഗ്രോബാഗ്കളടങ്ങുന്ന 1 യൂണിറ്റിന് വില 2000 രൂപയാണ്. അതിൽ 1500 രൂപ സബ്സിഡി കഴിച്ച് 500 രൂപ കർഷകൻ അടക്കണം. ടി പദ്ധതി പുരോഗമിച്ചപ്പോൾ നഗര/ നഗര പ്രാന്തപ്രദേശങ്ങളിൽ അപേക്ഷകൾ അപര്യാപ്തമായതിനാലും ഗ്രാമ പ്രദേശങ്ങളിൽ നിന്നും അപേക്ഷകൾ വന്നതിനാലും ടി പദ്ധതി ഗ്രാമപ്പഞ്ചാത്തുകളിൽ കൂടി വ്യാപിപ്പിക്കുകയുണ്ടായി. ഇപ്പോൾ കോർപ്പറേഷൻ / മുനിസിപ്പൽ പ്രദേശങ്ങളോടടുത്തു കിടക്കുന്ന എല്ലാ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കുന്നുണ്ട്. വരും വർഷത്തിൽ മുഴുവൻ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കും.

എന്നാൽ മട്ടുപ്പാവിൽ പച്ചക്കറി കൃഷി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2011-12 സാമ്പത്തിക വർഷത്തിൽ വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതിയിലും 2012-13

| | |
|---|---|
| | സാമ്പത്തിക വർഷത്തിൽ പ്രോമോഷൻ ഓഫ് വെജിറ്റബിൾ കൾട്ടിവേഷൻ എന്ന പദ്ധതിയിലും ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളിൽ വിഭാവനം ചെയ്തിട്ടുള്ളത് കൃഷിഭൂമി ലഭ്യമല്ലാത്ത നഗര പ്രദേശങ്ങളിൽ വീടുകളുടെ മട്ടുപ്പാവിൽ കൃഷി ചെയ്ത് പരമാവധി ഉൽപ്പാദനം സാധ്യമാക്കുക എന്നതാണ്. ആയതിനാൽ എസ്.എച്ച്.എം മുഖാന്തിരം നടപ്പാക്കുന്ന ഈ പദ്ധതി നഗര പ്രദേശങ്ങളിൽ മാത്രമേ നടപ്പിലാക്കാൻ നിർവാഹമുള്ളു. |
| ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**